## മധുരമായ കുട്ടികളെ – 21 ജന്മങ്ങളിലേക്ക് പൂർണ്ണ പ്രാലബ്ധം നേടുന്നതിനായി ബാബയിൽ പൂർണ്ണമായും ബലിയാകു, പകുതിയല്ല. ബലിയാകുക എന്നാൽ ബാബയുടേതാകുക.

**ചോദ്യം:** ഏതൊരു ഗുപ്തമായ കാര്യം മനസിലാക്കുവാനാണ് പരിധിയില്ലാത്ത ബുദ്ധിയുടെ ആവശ്യമുള്ളത്?
**ഉത്തരം:** ഇത് പരിധിയില്ലാത്ത ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്, എന്താണോ കഴിഞ്ഞുപോയത് അത് ഡ്രാമ. ഇപ്പോൾ ഈ ഡ്രാമ പൂർണ്ണമാകുന്നു, നമ്മൾ വീട്ടിലേക്ക് പോകും, പിന്നെ പുതിയതായി ആദ്യം മുതൽ പാർട്ടാരംഭിക്കും.....ഇക്കാര്യം മനസിലാക്കുവാൻ പരിധിയില്ലാത്ത ബുദ്ധിയുടെ ആവശ്യമുണ്ട്. പരിധിയില്ലാത്ത രചനയുടെ ജ്ഞാനം പരിധിയില്ലാത്ത ബാബയാണ് നല്കുന്നത്.

**ചോദ്യം:** ഏതൊരു കാര്യത്തിലാണ് മനുഷ്യർ അയ്യോ– അയ്യോ എന്ന് നിലവിളിക്കുന്നത്, എന്നാൽ നിങ്ങൾ കുട്ടികൾ സന്തോഷത്തോടെയിരിക്കുന്നത് ?
**ഉത്തരം:** അജ്ഞാനികളായ മനുഷ്യർ ചെറിയ രോഗം വരുമ്പോൾ തന്നെ നിലവിളിക്കുന്നു, നിങ്ങൾ കുട്ടികൾ സന്തോഷത്തോടെയിരിക്കുന്നു കാരണം ഇതിലൂടെ പഴയ കണക്കുകൾ ഇല്ലാതാകുന്നു എന്നറിയാം.

**ഗീതം:** നീ രാത്രികളെല്ലാം ഉറങ്ങി നഷ്ടപ്പെടുത്തി......

**ഓം ശാന്തി**. വാസ്തവത്തിൽ ഓം ശാന്തി പറയേണ്ട ആവശ്യവുമില്ല. എന്നാൽ കുട്ടികൾ ചിലതൊക്കെ മനസിലാക്കി കൊടുക്കേണ്ടതുണ്ട്, പരിചയം നല്കേണ്ടതുണ്ട്. ഇക്കാലത്ത് ഓം ശാന്തി – ഓം ശാന്തി എന്ന് ജപിച്ചുകൊണ്ടിരിക്കുന്ന വളരെ പേരുണ്ട്. അർത്ഥമൊന്നുമറിയില്ല. ഓം ശാന്തി, ഞങ്ങൾ ആത്മാക്കളുടെ സ്വധർമ്മം ശാന്തിയാണ്. ഇത് ശരിയാണ് എന്നാൽ പിന്നെ ഓം ശിവോഹം എന്നും പറയുന്നു, അത് തെറ്റാണ്. വാസ്തവത്തിൽ ഈ ഗീതങ്ങളുടെയൊന്നും തന്നെ ആവശ്യമില്ല. ഇന്നത്തെ കാലത്ത് ലോകത്തിൽ ശ്രവണരസം കൂടുതലാണ്. ഈ സർവ്വ ശ്രവണ രസങ്ങളിലും പ്രയോജനമൊന്നുമില്ല. ഇപ്പോൾ ഒരേ ഒരു കാര്യത്തെകുറിച്ച് മനരസം ഉണ്ടാകുന്നു. ബാബ കുട്ടികൾക്ക് സൻമുഖത്തിരുന്ന് മനസിലാക്കിതരുന്നു, പറയുന്നു– നിങ്ങൾ ഭക്തി വളരെ ചെയ്തു, ഇപ്പോൾ ഭക്തിയുടെ രാത്രി പൂർണ്ണമായിട്ട് പ്രഭാതം വരുന്നു. പ്രഭാതത്തിന് വളരെ മഹത്വമുണ്ട്. പ്രഭാത സമയത്ത് ബാബയെ ഓർമ്മിക്കണം. പ്രഭാത സമയത്ത് വളരെ ഭക്തി ചെയ്യുന്നു. മാല ജപിക്കുന്നു. ഈ ഭക്തീമാർഗ്ഗത്തിലെ ആചാരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കുട്ടികളേ , ഈ നാടകം പൂർണ്ണമാകുന്നു, പിന്നെ ചക്രം ആവർത്തിക്കപ്പെടും. അവിടെ ഭക്തിയുടെ ആവശ്യമില്ല. ഭക്തിക്ക് ശേഷമാണ് ഭഗവാനെ ലഭിക്കുന്നത് എന്ന് സ്വയം തന്നെ പറയുന്നു. ദു:ഖികളായതു കാരണം ഭഗവാനെ ഓർമ്മിക്കുന്നു. എന്തെങ്കിലും ആപത്തുകൾ വരുമ്പോൾ അല്ലെങ്കിൽ രോഗം ഉണ്ടാകുമ്പോൾ ഭഗവാനെ ഓർമ്മിക്കുന്നു, ഭക്തൻമാരാണ് ഭഗവാനെ ഓർമ്മിക്കുന്നത്. സത്യ ത്രേതായുഗത്തിൽ ഭക്തിയില്ല. അതല്ലെങ്കിൽ മുഴുവനും ഭക്തിമയമാകുമായിരുന്നു. ഭക്തി, ജ്ഞാനം പിന്നെയാണ് വൈരാഗ്യം. ഭക്തിക്ക് ശേഷം പിന്നെയാണ് പകൽ. പുതിയ ലോകത്തെയാണ് പകലെന്ന് പറയുന്നത്. ഭക്തി, ജ്ഞാനം, വൈരാഗ്യം എന്ന വാക്ക് ശരിയാണ്. എന്തിനോടുള്ള വൈരാഗ്യമാണ്? പഴയ ലോകം, പഴയ സംബന്ധം തുടങ്ങിയവയോട് വൈരാഗ്യം. നമ്മൾക്ക് മുക്തീധാമത്തിലേക്ക് ബാബയുടെ അടുത്തേക്ക് പോകാം എന്ന് ആഗ്രഹിക്കുന്നുണ്ട്. ഭക്തിക്ക് ശേഷം നമ്മൾക്ക് തീർച്ചയായും ഭഗവാനെ ലഭിക്കും. ഭക്തൻമാർക്കാണ് ഭഗവാനായ ബാബയെ ലഭിക്കുന്നത്. ഭക്തൻമാർക്ക് സദ്ഗതി നല്കുക എന്നത് ഭഗവാന്റെ ജോലിയാണ്. വേറൊന്നും ചെയ്യേണ്ടതില്ല. ബാബയെ കേവലം തിരിച്ചറിഞ്ഞാൽ മതി. ബാബ ഈ മനുഷ്യ സൃഷ്ടി വൃക്ഷത്തിന്റെ ബീജമാണ്, ഇതിനെ തലകീഴായ വൃക്ഷം എന്ന് പറയുന്നു. എങ്ങനെയാണ് ബീജത്തിൽ നിന്ന് വൃക്ഷം വരുന്നത് എന്നത് വളരെ സഹജമാണ്. ഈ വേദ ശാസ്ത്രങ്ങൾ, ഗ്രന്ഥങ്ങൾ തുടങ്ങിയവ പഠിക്കുക, ജപ തപം ചെയ്യുക ഇവയെല്ലാം ഭക്തീമാർഗ്ഗമാണെന്ന് നിങ്ങൾക്കിപ്പോൾ അറിയാം. ഇതൊന്നും ഭഗവാനെ നേടാനുള്ള സത്യമായ മാർഗ്ഗമല്ല. മുക്തി, ജീവൻ മുക്തിയുടെ സത്യമായ മാർഗ്ഗം ഭഗവാനാണ് കാണിച്ച് തരുന്നത്. ഇപ്പോൾ ഈ ഡ്രാമ പൂർണ്ണമാകുന്നു എന്ന് നിങ്ങൾക്കറിയാം, എന്താണോ കഴിഞ്ഞുപോയത് അത് ഡ്രാമ. ഇക്കാര്യം മനസിലാക്കുവാൻ പരിധിയില്ലാത്ത ബുദ്ധിയുടെ ആവശ്യമുണ്ട്. പരിധിയില്ലാത്ത മാലിക് ആണ് മഴുവൻ സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ പരിധിയില്ലാത്ത ജ്ഞാനം നല്കുന്നത്. പരിധിയില്ലാത്ത മാലിക്കിനെ ജ്ഞാനേശ്വരൻ, രചയിതാവെന്ന് പറയുന്നു. ജ്ഞാനേശ്വരൻ അതായത് ഈശ്വരനിൽ ജ്ഞാനമുണ്ട്. ഇതിനെ ആത്മീയ, സ്പിരിചൽ നോളെജ് എന്ന് പറയുന്നു. ഗോഡ് ഫാദർലി നോളെജ്. നിങ്ങളും ഗോഡ് ഫാദർലി സ്റ്റുഡന്റായിരിക്കുകയാണ്.

ഭഗവാൻ ഉവാച: നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു എങ്കിൽ ഭഗവാൻ തീർച്ചയായും ടീച്ചറുമാണ്. നിങ്ങൾ വിദ്യാർത്ഥികളുമാണ്, കുട്ടികളുമാണ്. കുട്ടികൾക്ക് മുത്തച്ഛനിൽ നിന്നും ആസ്തി ലഭിക്കുന്നു. ഇത് വളരെ സഹജമായ കാര്യമാണ്. കുട്ടി അഥവാ യോഗ്യതയില്ലാത്തവനാണെങ്കിൽ അച്ഛൻ അടിച്ചിറക്കും, ജോലിയിലൊക്കെ നന്നായി സഹായിക്കുന്നവർക്ക് സ്വത്ത് കൊടുക്കുന്നു. നിങ്ങൾ കുട്ടികൾക്കും മുത്തച്ഛന്റെ സമ്പത്തിൽ അവകാശമുണ്ട്. മുത്തച്ഛൻ നിരാകാരിയാണ്. നാം നമ്മളുടെ മുത്തച്ഛനിൽ നിന്ന് ആസ്തിയെടുക്കുകയാണെന്ന് കുട്ടികൾക്കറിയാം. മുത്തച്ഛനാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. നോളെജ്ഫുൾ ആണ്. ബ്രഹ്മാ വിഷ്ണു ശങ്കരനെ പതീത പാവനൻ എന്ന് പറയില്ല. അവർ ദേവതകളാണ്. അവരെ സദ്ഗതി ദാതാവെന്ന് വിളിക്കില്ല. അത് ഒരാൾ മാത്രമാണ്. സർവ്വരും ഓർമ്മിക്കുന്നതും ഒരാളെയാണ്. ബാബയെകുറിച്ച് അറിയാത്തതുകാരണം സർവ്വതിലും പരമാത്മാവാണെന്ന് പറയുന്നു. അഥവാ ആർക്കെങ്കിലും സാക്ഷാത്ക്കാരം ഉണ്ടായാൽ ഹനുമാനാണ് ദർശനം നല്കിയത്, ഭഗവാൻ സർവ്വവ്യാപിയാണെന്ന് കരുതുന്നു. എന്തിലെങ്കിലും ഭാവന വെച്ചാൽ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. ഇവിടെ പഠിത്തത്തിന്റെ കാര്യമാണ്. ഞാൻ വന്ന് കുട്ടികളെ പഠിപ്പിക്കുന്നു എന്ന് ബാബ പറയുന്നു. എങ്ങനെയാണ് പഠിപ്പിക്കുന്നതെന്ന് നിങ്ങൾ കാണുന്നുണ്ട്. മറ്റ് ടീച്ചേർസിനെ പോലെ വളരെ സാധാരണ രീതിയിൽ പഠിപ്പിക്കുന്നു. വക്കീലാണെങ്കിൽ തനിക്ക് സമാനം വക്കീലാക്കും. ആരാണ് ഈ ഭാരതത്തിനെ സ്വർഗ്ഗമാക്കിയതെന്ന് നിങ്ങൾക്കേ അറിയാവു. കൂടാതെ ഭാരതത്തിൽ ഉള്ള സൂര്യവംശീ ദേവീ ദേവതകൾ എവിടെ നിന്ന് വന്നു? മനുഷ്യർക്ക് ഒന്നും അറിയില്ല. ഇപ്പോൾ സംഗമമാണ്. നിങ്ങൾ സംഗമത്തിലാണ് നില്ക്കുന്നത്, മറ്റാരും തന്നെ സംഗമത്തിലല്ല. എങ്ങനെയാണ് ഈ സംഗമത്തിന്റെ മേളയെന്ന് നോക്കു. കുട്ടികൾ അച്ഛനെ കാണുവാൻ വന്നിരിക്കുകയാണ്. ഈ മേളയാണ് മംഗളകാരീ മേള. മറ്റ് കുംഭ മേള തുടങ്ങിയവയൊക്കെ നടത്തുന്നതിലൂടെ ഒരു പ്രാപ്തിയും ഇല്ല. സംഗമത്തിനെയാണ് സത്യം സത്യമായ കുംഭമേളയെന്ന് പറയുന്നത്. ആത്മ പരമാത്മ വളരെക്കാലമായി പിരിഞ്ഞിരിക്കുകയായിരുന്നു എന്ന് പാടാറുണ്ട് പിന്നെ വന്ന് സുന്ദരമായ മംഗളകാരി മേളയാക്കി. ഈ സമയം എത്ര നല്ലതാണ്. ഈ സംഗമത്തിന്റെ സമയം എത്ര മംഗളകാരിയാണ് കാരണം ഇപ്പോളാണ് സർവ്വരുടെയും മംഗളമുണ്ടാകുന്നത്. ബാബ വന്ന് സർവ്വരേയും പഠിപ്പിക്കുന്നു, ബാബ നിരാകാരിയാണ്, നക്ഷത്രം. മനസിലാക്കി കൊടുക്കുവാനാണ് ലിംഗരൂപം വെച്ചിരിക്കുന്നത്. ബിന്ദുവെച്ചാൽ ഒന്നും മനസിലാകില്ല. ആത്മാവ് ഒരു നക്ഷത്രമാണെന്ന് നിങ്ങൾക്ക് മനസിലാക്കികൊടുക്കുവാൻ സാധിക്കും. ബാബയും നക്ഷത്രമാണ്. ആത്മാവ് എങ്ങനെയാണോ അതുപോലെയാണ് പരമാത്മാവ്. വ്യത്യാസമില്ല. നിങ്ങൾ ആത്മാക്കളും സംഖ്യാക്രമത്തിലാണ്. ചിലരുടെ ബുദ്ധിയിൽ എത്ര ജ്ഞാനമാണ് നിറഞ്ഞിരിക്കുന്നത്, ചിലരുടെ ബുദ്ധിയിൽ കുറവാണ്. എങ്ങനെയാണ് നമ്മൾ ആത്മാക്കൾ 84 ജന്മങ്ങൾ അനുഭവിക്കുന്നതെന്ന് നിങ്ങൾക്കിപ്പോൾ മനസിലായി. ഓരോരുത്തർക്കും തന്റേതായ കണക്കുകൾ അനുഭവിക്കേണ്ടി വരും. ചിലർക്ക് രോഗം വരുന്നു, കണക്കുകൾ ഇല്ലാതാക്കണം. എന്തുകൊണ്ടാണ് ഈശ്വരീയ സന്താനത്തിന് ഇങ്ങനെ അനുഭവിക്കേണ്ടി വരുന്നത്! എന്ന് ചിന്തിക്കരുത്. കുട്ടികളേ, ജന്മ ജന്മാന്തരങ്ങളിലെ പാപം ഉണ്ട് എന്ന് ബാബ മനസിലാക്കിതന്നിട്ടുണ്ട്. കുമാരിയല്ലേ, കുമാരിയിൽ നിന്ന് എന്ത് പാപം ഉണ്ടായി കാണും? എന്നാൽ അനേക ജൻമങ്ങളിലെ കണക്കുകൾ അവസാനിക്കേണ്ടേ. ഈ ജന്മത്തിൽ ചെയ്ത പാപങ്ങളും പറയുന്നില്ല എങ്കിൽ ഉള്ളിൽ വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും എന്ന് ബാബ മനസിലാക്കിതന്നിട്ടുണ്ട്. പറയുന്നതിലൂടെ അതിന് വൃദ്ധി ഉണ്ടാകില്ല. ഭാരതം എല്ലാത്തിനേക്കാൾ നമ്പർ വൺ പാവനമായിരുന്നു, ഇപ്പോൾ ഭാരതം ഏറ്റവും പതീതമാണ്. അതുകൊണ്ട് അവർക്ക് പരിശ്രമവും കൂടുതൽ ചെയ്യേണ്ടി വരുന്നു. കൂടുതൽ സേവനം ചെയ്യുന്നവർക്ക് തങ്ങൾ ഉയർന്ന നമ്പറിൽ പോകുമെന്ന് മനസിലാക്കാൻ സാധിക്കും. കുറച്ച് കണക്കുകൾ ഉണ്ടെങ്കിൽ അനുഭവിക്കേണ്ടി വരും. ആ അനുഭവിക്കേണ്ടതും സന്തോഷത്തോടെ അനുഭവിക്കണം. അജ്ഞാനികളായ മനുഷ്യർക്ക് എന്തെങ്കിലും സംഭവിക്കുമ്പോൾ അയ്യോ അയ്യോ എന്ന് നിലവിളിക്കാൻ തുടങ്ങുന്നു, നിങ്ങൾ സന്തോഷത്തോടെ അനുഭവിക്കണം കാരണം ഇതിലൂടെ പഴയ കണക്കുകൾ ഇല്ലാതാകുന്നു എന്ന് അറിയാം. നമ്മളാണ് പാവനമായിരുന്നവർ പിന്നെ നമ്മൾ ഏറ്റവും പതീതമായി. ഈ വസ്ത്രം പാർട്ട് അഭിനയിക്കുവാനായി നമ്മൾക്ക് ഇങ്ങനെ ലഭിച്ചിരിക്കുകയാണ്. നമ്മൾ ഏറ്റവും കൂടുതൽ പതീതമായി എന്ന് ഇപ്പോൾ ബുദ്ധിയിൽ വന്നു. വളരെ പരിശ്രമം ചെയ്യേണ്ടി വരുന്നു. ഇന്നയാൾക്ക് എന്തുകൊണ്ടാണ് ഈ രോഗം എന്ന് ആശ്ചര്യപ്പെടരുത്. കുട്ടികളേ നോക്കൂ, കൃഷ്ണന്റെ പേര് ശ്യാമ സുന്ദരൻ എന്ന് മഹിമ പാടുന്നു. ചിത്രമുണ്ടാക്കുന്നവർ മനസിലാക്കുന്നില്ല. അവർ രാധയെ വെളുത്തതായും കൃഷ്ണനെ കറുപ്പിച്ചും കാണിക്കുന്നു. രാധ കുമാരിയാണെന്ന് അറിയാം അതുകൊണ്ട് അവർക്ക് ബഹുമാനം നല്കുന്നു. അവർ എങ്ങനെ കറുത്തുപോയി എന്ന് ചിന്തയുണ്ട്. ഇക്കാര്യങ്ങൾ നിങ്ങൾ മനസിലാക്കുന്നു. ദേവതാകുലത്തിൽ ഉണ്ടായിരുന്നവർ ഇപ്പോൾ തങ്ങളെ ഹിന്ദു ധർമ്മത്തിലേതാണെന്ന് കരുതുന്നു.

നിങ്ങൾ ശ്രീമത്തനുസരിച്ച് തന്റെ കുലത്തിന്റെ ഉദ്ധാരണം ചെയ്യുന്നു. മുഴുവൻ കുലത്തിനെ

പാവനമാക്കണം, മുക്തമാക്കി മുകളിലേക്ക് കൊണ്ടുവരണം. നിങ്ങൾ മുക്തമാക്കുന്ന ആർമിയല്ലേ. ബാബയാണ് ദുർഗതിയിൽ നിന്നും രക്ഷിച്ച് സദ്ഗതി ചെയ്യുന്നത്, ബാബ ക്രിയേറ്റർ, ഡയറക്റ്റർ, മുഖ്യ ആക്റ്റർ ആണെന്ന് പാടപ്പെട്ടിട്ടുണ്ട്. എങ്ങനെയാണ് ആക്റ്റർ ആകുന്നത്, പതീത പാവനനായ ബാബ പതീത ലോകത്തിൽ വന്ന് സർവ്വരേയും പാവനമാക്കുന്നു, അപ്പോൾ മുഖ്യ ആക്റ്റർ ആയില്ലേ. ബ്രഹ്മാ വിഷ്ണു ശങ്കരനെ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനെന്നും പറയാൻ സാധിക്കില്ല. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനെന്നും ആരെയാണോ വിളിക്കുന്നത് ആ ബാബ ഇപ്പോൾ പാർട്ടഭിനയിക്കുന്നു എന്ന് നിങ്ങൾക്കിപ്പോൾ അനുഭവത്തിൽ നിന്നും പറയാൻ സാധിക്കും. ബാബ സംഗമത്തിലേ പാർട്ടഭിനയിക്കൂ. ബാബയെ ആർക്കും അറിയില്ല. മനുഷ്യർ 16 കലയിൽ നിന്ന് പിന്നെ താഴേക്കിറങ്ങുന്നു. പതുക്കെ പതുക്കെ കലകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഓരോ ജൻമത്തിലും ഏതെങ്കിലൊക്കെ കല കുറയുന്നു. സത്യയുഗത്തിൽ 8 ജൻമം എടുക്കേണ്ടിവരുന്നു. ഓരോരോ ജൻമത്തിലും ഡ്രാമയനുസരിച്ച് ഏതെങ്കിലൊക്കെ കല കുറയുന്നു. ഇപ്പോൾ കയറേണ്ട സമയമാണ്. പൂർണ്ണമായും കയറികഴിഞ്ഞാൽ പിന്നെ പതുക്കെ പതുക്കെ ഇറങ്ങും. ഇപ്പോൾ ഈ രാജധാനി സ്ഥാപിക്കപ്പെടുകയാണെന്ന് കുട്ടികൾക്കറിയാം. രാജധാനിയിൽ എല്ലാ പ്രകാരത്തിലുള്ളവരും വേണം. ആരാണോ നല്ല രീതിയിൽ ശ്രീമത്തനുസരിച്ച് നടക്കുന്നത് അവർ ഉയർന്ന പദവി നേടും, അതും ചോദിച്ചാൽ അല്ലേ! ബാബയ്ക്ക് തങ്ങളുടെ മുഴുവൻ കണക്കും അയക്കണം, അപ്പോൾ ബാബയ്ക്ക് നിർദ്ദേശം നൽകാൻ സാധിക്കും. ബാബയ്ക്ക് എല്ലാ കാര്യവും അറിയാം എന്ന് കരുതരുത്. ബാബയ്ക്ക് മുഴുവൻ ലോകത്തിന്റെ ആദി മദ്ധ്യ അന്ത്യത്തെ കുറിച്ചറിയാം. ഓരോരുത്തരുടേയും മനസിനെ ഇരുന്ന് അറിഞ്ഞുകൊണ്ടിരിക്കില്ല. ബാബ നോളെജ്ഫുൾ ആണ്. ബാബ പറയുന്നു: ഞാൻ ആദി മദ്ധ്യ അന്ത്യത്തെ കുറിച്ചറിയുന്നു, അതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ ഇങ്ങനെ വീഴുന്നു പിന്നെ ഇങ്ങനെ കയറുന്നു എന്ന് പറയാൻ സാധിക്കുന്നത്. ഭാരതത്തിന്റെയാണ് ഈ പാർട്ട്. ഭക്തി എല്ലാവരും ചെയ്യുന്നുണ്ട്. ഏറ്റവും കൂടുതൽ ഭക്തി ആരാണോ ചെയ്തത് അവർക്ക് ആദ്യം സദ്ഗതി ലഭിക്കണം. പൂജ്യരായിരുന്നവർ പിന്നീട് 84 ജന്മങ്ങൾ എടുക്കുന്നു. ഭക്തിയും അവർ സംഖ്യാക്രമത്തിൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ ജന്മം ലഭിച്ചു എന്നാൽ മുമ്പത്തെ ജൻമത്തിലെ പാപം ഇല്ലേ. അത് ഓർമ്മയുടെ ബലത്തിലൂടെ ഇല്ലാതാകുന്നു. ഓർമ്മയാണ് ബുദ്ധിമുട്ട്. നിങ്ങൾ ഓർമ്മയിലിരുന്നാൽ നിരോഗിയാകും എന്ന് ബാബ നിങ്ങൾക്ക് വേണ്ടി പറയുന്നു. സുഖം, ശാന്തി, പവിത്രതയുടെ ആസ്തി ബാബയിൽ നിന്ന് ലഭിക്കുന്നു. കേവലം ഓർമ്മയിലൂടെ നിരോഗിയായ ശരീരം അഥവാ ദീർഘായുസ് ലഭിക്കും. ജ്ഞാനത്തിലൂടെ നിങ്ങൾ ത്രികാല ദർശികളാകുന്നു. ത്രികാല ദർശിയുടെ അർത്ഥവും ആർക്കും അറിയില്ല. രിദ്ധി-സിദ്ധി ചെയ്യുന്നവർ വളരെപേർ ഉണ്ട്. ഇവിടെ ഇരുന്നുകൊണ്ട് ലണ്ടന്റെ പാർലമെന്റൊക്കെ കണ്ടുകൊണ്ടിരിക്കും. എന്നാൽ ഈ രിദ്ധി സിദ്ധികൊണ്ട് പ്രയോജനമൊന്നുമില്ല. ദിവ്യ ദൃഷ്ടിയിലൂടെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു, ഈ കണ്ണുകളിലൂടെയല്ല. ഇപ്പോൾ സർവ്വരും കറുത്തവരാണ്. നിങ്ങൾ ബലിയാകുന്നു അതായത് ബാബയുടേതാകുന്നു. ബാബയും പൂർണ്ണമായി ബലിയായി, പകുതി ബലിയായാൽ ലഭിക്കുന്നതും പകുതിയായിരിക്കും. ബാബയും ബലിയായില്ലേ. എന്തൊക്കെ ഉണ്ടായിരുന്നുവോ ബലിയർപ്പിച്ചു. ആരാണോ ഇത്ര സർവ്വതും ബലിയർപ്പിക്കുന്നത് അവർക്ക് 21 ജൻമങ്ങളിലേക്ക് പ്രാപ്തി ലഭിക്കുന്നു, ഇവിടെ ജീവഹത്യയുടെ കാര്യമില്ല. ജീവഹത്യ ചെയ്യുന്നവരെ മഹാപാപിയെന്ന് പറയുന്നു. ആത്മാവ് തങ്ങളുടെ ശരീരത്തെ നശിപ്പിക്കുന്നു. ഇത് നല്ലതല്ല. മനുഷ്യർ മറ്റുള്ളവരുടെ തല മുറിക്കുന്നു, ഇവർ തന്റേത് മുറിച്ച് കളയുന്നു അതുകൊണ്ട് ജീവഹത്യ ചെയ്ത മഹാപാപിയെന്ന് പറയുന്നു.

ബാബ മധുര- മധുരമായ സന്താനങ്ങൾക്ക് എത്ര നല്ല രീതിയിലാണ് മനസിലാക്കിതരുന്നത്. നിങ്ങൾക്കറിയാം കല്പ കല്പം, കല്പത്തിന്റെ സംഗമയുഗത്തിൽ ഈ കുംഭമേളയിൽ വരുന്നു. ഇത് അതേ മാതാ പിതാവാണ്. ബാബാ അങ്ങ് തന്നെയാണ് ഞങ്ങളുടെ സർവ്വതും എന്ന് പറയുന്നു. ബാബയും പറയുന്നു: ഹേ കുട്ടികളേ നിങ്ങൾ ആത്മാക്കൾ എന്റേതാണ്. കല്പം മുൻപത്തേതുപോലെ ശിവബാബ വന്നിരിക്കുകയാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. മുഴുവൻ 84 ജന്മങ്ങൾ എടുത്തവരെ അലങ്കരിച്ച് കൊണ്ടിരിക്കുന്നു. നിങ്ങൾ ആത്മാക്കൾക്കറിയാം ബാബ നോളെജ്ഫുൾ പതീത പാവനനാണ്. ആ ബാബ നമ്മൾക്കിപ്പോൾ മുഴുവൻ ജ്ഞാനം നൽകുന്നു. ബാബ ജ്ഞാന സാഗരനാണ്, ഇതിൽ ശാസ്ത്രങ്ങളുടെ കാര്യമൊന്നുമില്ല. ഇവിടെ ദേഹസഹിതം സർവ്വതും മറന്ന് തങ്ങളെ ആത്മാവാണെന്ന് മനസിലാക്കണം. ഒരേയോരു ബാബയുടേതായെങ്കിൽ മറ്റ് സർവ്വതും മറക്കണം. മറ്റ് സംഗങ്ങളിൽ നിന്നും ബുദ്ധീയോഗം വേർപ്പെടുത്തി ഒരേയൊരു സംഗത്തോട് ചേർക്കണം. ഞങ്ങൾ നിന്നോട് മാത്രമേ സംഗം ചേരൂ, ബാബാ ഞങ്ങൾ പൂർണ്ണമായും ബലിയാകാം എന്ന് പാടാറുണ്ട്. ബാബയും പറയുന്നു: ഞാൻ നിങ്ങളുടെ മേൽ ബലിയാകുന്നു. മധുരമായ സന്താനങ്ങളെ നിങ്ങളെ ഞാൻ മുഴുവൻ വിശ്വരാജ്യഭരണത്തിന്റെ അധികാരി ആക്കുന്നു, ഞാൻ നിഷ്കാമിയാണ്. മനുഷ്യർ പറയുന്നു നിഷ്കാമ സേവ ചെയ്യുന്നു, എന്നാൽ ഫലം ലഭിക്കാറുണ്ടല്ലോ.

ബാബ നിഷ്കാമ സേവ ചെയ്യുന്നു, ഇതും നിങ്ങൾക്കേ അറിയാവൂ. ആത്മാവ് പറയുന്നു ഞങ്ങൾ നിഷ്കാമ സേവ ചെയ്യുന്നു, ഇത് എവിടെ നിന്നാണ് പഠിച്ചത്! ബാബയാണ് നിഷ്കാമ സേവ ചെയ്യുന്നതെന്ന് നിങ്ങൾക്കറിയാം. കല്പത്തിന്റെ സംഗമയുഗത്തിലാണ് വരുന്നത്. ഇപ്പോളും നിങ്ങളുടെ സൻമുഖത്തിരിക്കുന്നു. ബാബ സ്വയം പറയുന്നു: ഞാൻ നിരാകാരിയാണ്. ഞാൻ നിങ്ങൾക്ക് ഈ ആസ്തി എങ്ങനെ നല്കും? എങ്ങനെ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ കുറിച്ചുള്ള ജ്ഞാനം കേൾപ്പിക്കും? ഇതിൽ പ്രേരണയുടെ കാര്യമൊന്നുമില്ല. ശിവജയന്തി ആഘോഷിക്കുന്നു എങ്കിൽ തീർച്ചയായും വരുന്നുണ്ടായിരിക്കുമല്ലോ. ഞാൻ ഭാരതത്തിലാണ് വരുന്നത്. ഭാരതത്തിന്റെ മഹിമ കേൾപ്പിക്കുന്നു. ഭാരതം പൂർണ്ണമായും മഹാൻ പവിത്രമായിരുന്നു, ഇപ്പോൾ വീണ്ടും ആയിക്കൊണ്ടിരിക്കുന്നു. ബാബയ്ക്ക് കുട്ടികളോട് എത്ര സ്നേഹമാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ശ്രീമത്തനുസരിച്ച് തങ്ങളുടെ കുലത്തിനെ ഉദ്ധരിക്കണം. മുഴുവൻ കുലത്തിനെ പാവനമാക്കണം. ബാബയ്ക്ക് തങ്ങളുടെ സത്യം സത്യമായ കണക്ക് നൽകണം.

2) ഓർമ്മയുടെ ബലത്തിലൂടെ തങ്ങളുടെ ശരീരത്തെ നിരോഗിയാക്കണം. ബാബയുടെമേൽ പരിപൂർണ്ണമായി ബലിയാകണം. മറ്റ് സംഗങ്ങളിൽ നിന്നും ബുദ്ധീയോഗം വേർപ്പെടുത്തി ഒരേയൊരു സംഗത്തോട് ചേർക്കണം.

## വരദാനം:- ഒരു ബാബ, രണ്ടാമതാരുമില്ല- ഈ സ്മൃതിയിലൂടെ നിമിത്തമായി സേവനം ചെയ്യുന്നവരായ സർവ്വ മമത്വ മുക്തരായി ഭവിക്കട്ടെ.

സദാ ഒരു ബാബ, രണ്ടാമതാരുമില്ല- ഈ സ്മൃതിയിലിരിക്കുന്ന കുട്ടികളുടെ മനോ-ബുദ്ധി സഹജമായും ഏകാഗ്രമാകുന്നു. അവർ സേവനവും നിമിത്തമായി ചെയ്യുന്നു, അതിനാൽ അവർക്ക് അതിനോട് അടുപ്പം ഉണ്ടായിരിക്കുകയില്ല. അടുപ്പം തോന്നുന്നതിന്റെ അടയാളമാണ്-എവിടെ അടുപ്പമുണ്ടോ അവിടേക്ക് ബുദ്ധി പോകും, മനസ്സ് ഓടും ,അതിനാൽ എല്ലാ ഉത്തരവാദിത്വങ്ങളും ബാബക്ക് അർപ്പിച്ച് ട്രസ്റ്റി അഥവാ നിമിത്തമായി മാറി സംരക്ഷിക്കൂ എങ്കിൽ മമത്വ മുക്തരായി മാറാം.

## സ്ലോഗൻ:- വിഘ്നങ്ങൾ തന്നെയാണ് ആത്മാവിനെ ബലവാനാക്കി മാറ്റുന്നത്, അതിനാൽ വിഘ്നങ്ങളെ പേടിക്കരുത്.